"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

കൃഷി വകുപ്പ് - ജീവനക്കാര്യം - മാനദണ്ഡങ്ങൾ ലംഘിച്ച് അനധിക്ൃതമായി കെട്ടിട നിർമ്മാണ അനുമതി നൽകിയെന്ന ആരോപണവുമായി ബന്ധപ്പെട്ട വി.സി.23/2016/ടിഎസ്.ആർ നമ്പർ വിജിലൻസ് കേസ് - കൃഷി ഓഫീസറായിരുന്ന ശ്രീമതി. സത്യവർമ്മയ്ക്ക് എതിരെ സ്വീകരിച്ച നടപടികൾ അവസാനിപ്പിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**കൃഷി ( ഇ എ) വകുപ്പ്**

സ.ഉ.(സാധാ) നം.913/2025/AGRI തീയതി,തിരുവനന്തപുരം, 19-09-2025

---

പരാമർശം:-

1. വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയുടെ 30/05/2018 ലെ ഇ11(വിസി-23/2016/ടി എസ് ആർ)23137/2016 നമ്പർ കത്ത്
2. കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ 13/08/2025 ലെ ADFW/9882/2021-SD3 നമ്പർ കത്ത്
3. ശ്രീമതി സത്യവർമ്മ 30/06/2025-ന് സമർപ്പിച്ച വിശദീകരണം

**ഉത്തരവ്**

മാനദണ്ഡങ്ങൾ ലംഘിച്ച് അനധിക്ൃതമായി കെട്ടിട നിർമ്മാണ അനുമതി നൽകിയെന്ന ആരോപണവുമായി ബന്ധപ്പെട്ട് വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ രജിസ്റ്റർ ചെയ്ത വി.സി.23/2016/ടിഎസ്.ആർ നമ്പർ വിജിലൻസ് കേസ് സംബന്ധിച്ച്, ആരോപണവുമായി ബന്ധപ്പെട്ട തൃശ്ശൂർ ജില്ലയിലെ അടാട്ട് കൃഷിഭവനിലെ കൃഷി ഓഫീസറായിരുന്ന ശ്രീമതി സത്യവർമ്മയ്ക്കെതിരെ ഔദ്യോഗിക പദവി ദുരുപയോഗം ചെയ്തതിന് വകുപ്പുതല നടപടികൾ സ്വീകരിക്കുന്നതിന് പരാമർശം (1) പ്രകാരം ശിപാർശ ചെയ്തിരുന്നു. തുടർന്ന് വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ അന്വേഷണ റിപ്പോർട്ടിലെ ശിപാർശ നടപ്പിലാക്കി നടപടി റിപ്പോർട്ട് സമർപ്പിക്കാൻ കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയതിന്റെ അടിസ്ഥാനത്തിൽ ശ്രീമതി സത്യവർമ്മ പരാമർശം (3) പ്രകാരം സമർപ്പിച്ച വിശദീകരണം തുടർ നടപടിയ്ക്കായി സമർപ്പിക്കുകയും ടിയാൾ 31/05/2026-ൽ സർവീസിൽ നിന്ന് വിരമിക്കുകയാണെന്നും അറിയിച്ചിരുന്നു.

2. ശ്രീമതി സത്യവർമ്മ പരാമർശം (3) പ്രകാരം സമർപ്പിച്ച വിശദീകരണത്തിൽ അടാട്ട് ഗ്രാമപഞ്ചായത്തിന്റെ പരിഗണനയ്ക്കായി ശ്രീമതി ജിജി ലോഹിതാക്ഷൻ, മകൻ റിഷിലാൽ കരിയക്കോട്ട് ഹൗസ്, പുറനാട്ടുകര എന്നവരുടെ കെട്ടിട നിർമ്മാണ പെർമിറ്റിനുള്ള അപേക്ഷയിൽ റവന്യൂ രേഖകളിൽ ഭൂമിയുടെ തരം നിലം ആയതിനാൽ കെട്ടിട നിർമ്മാണ അനുമതി നൽകുന്നതിനായി 25/05/2015 ന് കമ്മിറ്റി അംഗങ്ങളായ ഉദ്യോഗസ്ഥർ പഞ്ചായത്ത് ഓഫീസിൽ ഒത്തു ചേരുകയും മിനിട്സ് രജിസ്റ്ററിൽ ഹാജർ രേഖപ്പെടുത്തിയ ശേഷം പഞ്ചായത്തിന്റെ വാഹനത്തിൽ സ്ഥല പരിശോധനയ്ക്കായി പോകുകയും ചെയ്തുവെന്നും പഞ്ചായത്ത് സെക്രട്ടറിയുടെ പ്രതിനിധിയായി അടാട്ട് ഗ്രാമപഞ്ചായത്തിലെ എൻ.ഡി.ക്ലാർക്ക്

ശ്രീമതി ജൂലിയും പുഴയ്ക്കൽ പുറനാട്ടുകര സെഷ്യൽ വില്ലേജ് ഓഫീസറായ ശ്രീമതി എ.സ്വപ്നയും കൃഷി ഓഫീസറായിരുന്ന ശ്രീമതി സത്യവർമ്മയുമാണ് സംയുക്ത പരിശോധന നടത്തുന്നതിന് ഹാജരായിരുന്നതെന്നും പുറനാട്ടുകര വില്ലേജിൽ സർവ്വേ നമ്പർ 232/15 ൽ ഉൾപ്പെട്ട അപേക്ഷകയുടെ ഭൂമി കമ്മിറ്റി പരിഗണിച്ച മറ്റ് അപേക്ഷകരുടെ ഭൂമിയോടൊപ്പം 25/05/2015- ന് പരിശോധന നടത്തുകയും ശ്രീമതി ജിജി ലോഹിതാക്ഷന്റെ ഭൂമിയിൽ കായ്ഫലമുള്ള 3 തെങ്ങുകൾ കാണുകയും തെങ്ങുകളുടെ ഏകദേശ പ്രായം കണക്കാക്കുമ്പോൾ അപേക്ഷകരുടെ ഭൂമി നെൽ വയൽ തണ്ണീർത്തട സംരക്ഷണ നിയമം നിലവിൽ വന്ന 2008 ന് മുമ്പ് തന്നെ പരിവർത്തനപ്പെട്ടതാണെന്ന് ബോധ്യപ്പെടുകയും ഈ ഭൂമിക്ക് ചുറ്റുമുള്ള സ്ഥലം കരഭൂമിയും മഴക്കാലത്ത് വെള്ളം കയറിയിറങ്ങാത്തതും ആയിരുന്നെന്നും ഈ ഭൂമിയിലേക്ക് പ്രത്യേകം വഴിയുണ്ടെന്നുമുള്ള റിപ്പോർട്ട് അടാട്ട് ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് 27/05/2015 ന് സമർപ്പിക്കുകയും ചെയ്തു. എന്നാൽ ടി റിപ്പോർട്ടിൽ പരിശോധന നടത്തിയ തീയതി 25/05/2015 ന് പകരം 26/05/2015 എന്ന് തെറ്റായി രേഖപ്പെടുത്തി, കൃഷി ഓഫീസറുടെയും മറ്റ് കമ്മിറ്റി അംഗങ്ങളുടെയും റിപ്പോർട്ടുകൾ കൂടി പരിഗണിച്ച് അപേക്ഷകയായ ശ്രീമതി. ജിജി ലോഹിതാക്ഷന് കെട്ടിട നിർമ്മാണ പെർമിറ്റ് അനുവദിക്കുകയും കെട്ടിടം പണിത് ആറ് മാസത്തിന് ശേഷം അപേക്ഷകയുടെ ബന്ധു വിജിലൻസ് കോടതിയിൽ നെൽ വയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിലെ മാനദണ്ഡങ്ങളും നിബന്ധനകളും മറികടന്ന് കെട്ടിട നിർമ്മാണ പെർമിറ്റ് അനുവദിക്കുക വഴി തങ്ങളുടെ ഔദ്യോദിക പദവി ദുരുപയോഗം ചെയ്തതായി കാണിച്ച് അടാട്ട് ഗ്രാമപഞ്ചായത്തിലെ ബിൽഡിങ്ങ് പെർമിറ്റ് കമ്മിറ്റി അംഗങ്ങളായ ഗ്രാമപഞ്ചായത്ത് സെക്രട്ടറി, കൃഷി ഓഫീസർ, വില്ലേജ് ഓഫീസർ എന്നിവർക്കെതിരെ VC 23/16 TSR പ്രകാരം വിജിലൻസ് കോടതിയിൽ കേസ് രജിസ്റ്റർ ചെയ്തുവെന്നും വിജിലൻസിന്റെ റിപ്പോർട്ടുകളിലെല്ലാം തന്നെ കെട്ടിട നിർമ്മാണ പെർമിറ്റ് അനുവദിക്കപ്പെട്ട ഭൂമിയിൽ 15 വർഷത്തിലധികം പ്രായമുള്ള തെങ്ങുകൾ നിലനിൽക്കുന്നുണ്ടെന്നും ചുറ്റും കരഭൂമിയാണെന്നും വെള്ളക്കെട്ടിന് സാധ്യതയില്ലെന്നും പ്രത്യേക വഴിയുണ്ടെന്ന് രേഖപ്പെടുത്തിയിട്ടുണ്ടെന്നും അറിയിച്ചിരിക്കുന്നു. വിജിലൻസ് കോടതിയിൽ രജിസ്റ്റർ ചെയ്യപ്പെട്ട പരാതിയിൽ ആരോപിച്ചിരുന്നതിനനുസരിച്ച് നെൽ വയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിലെ മാനദണ്ഡങ്ങളും നിബന്ധനകളും മറികടന്ന് കെട്ടിട നിർമ്മാണ പെർമിറ്റ് അനുവദിച്ചിട്ടില്ലെന്ന് വ്യക്തമാണെന്നും എന്നാലും ശ്രീമതി സത്യവർമ്മ സമർപ്പിച്ച തൽസ്ഥിതി റിപ്പോർട്ടിലെ തീയതിയിലെ വ്യത്യാസം കാരണം സ്ഥലം പരിശോധന നടത്തുന്നതിന് മുമ്പ് തന്നെ കെട്ടിട നിർമ്മാണ പെർമിറ്റ് നൽകുന്നതിനുള്ള തീരുമാനം ബിൽഡിങ്ങ് പെർമിറ്റ് കമ്മിറ്റി അംഗങ്ങൾ എടുത്തിരുന്നു എന്ന നിഗമനത്തിൽ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ എത്തിയെന്നും കുറ്റാരോപിതർക്കെതിരെ കുറ്റപത്രം നൽകുന്നതിനുള്ള തെളിവുകൾ വിജിലൻസിന് ലഭിച്ചിട്ടില്ലെന്നും എന്നാലും കൃഷി ഓഫീസർക്കും വില്ലേജ് ഓഫീസർക്കും ഔദ്യോഗിക പദവി ദുരുപയോഗം ചെയ്തതിന് വകുപ്പുതല നടപടി ശിപാർശ ചെയതിട്ടുണ്ടെന്നും പരാതിക്കാരൻ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയുടെ അന്തിമ റിപ്പോർട്ട് കൈപ്പറ്റിയ ശേഷവും കോടതിയിൽ ഹാജരാകാത്തത് കാരണം, അന്വേഷണ ഉദ്യോഗസ്ഥന്റെ കണ്ടെത്തലുകളിൽ നിന്നും വ്യതിചലിക്കേണ്ട ആവശ്യമില്ലെന്നും ആയതിനാൽ അന്തിമ റിപ്പോർട്ട് സ്വീകരിച്ച് തുടർനടപടികൾ അവസാനിപ്പിച്ച് കോടതി വിധി പ്രസ്താവിച്ചിട്ടുള്ളതായും, ബിൽഡിങ്ങ് പെർമിറ്റ് കമ്മിറ്റി അംഗമായിരിക്കെ കൃഷി ഓഫീസറായ താൻ സമർപ്പിച്ച തൽസ്ഥിതി റിപ്പോർട്ടിൽ രേഖപ്പെടുത്തിയ തീയതിയിൽ വന്ന തെറ്റ് മൂലം മാത്രമാണ് ഔദ്യോഗിക പദവി ദുരുപയോഗം ചെയ്തു എന്ന നിഗമനത്തിൽ വിജിലൻസ് ആന്റ്

ആന്റി കറപ്ഷൻ ബ്യൂറോ എത്തിയതെന്നും, താൻ സമർപ്പിച്ച രേഖയിൽ നോട്ടപ്പിശക് മൂലം വന്ന ഒരു തീയതി പിഴവ് മാത്രം കണക്കിലെടുത്ത് സർവ്വീസിൽ നിന്ന് വിരമിക്കാൻ ഏതാനും മാസങ്ങൾ മാത്രമുള്ള തനിക്കെതിരെ ശിക്ഷണ നടപടികൾ ഒന്നും സ്വീകരിക്കരുതെന്നും ടിയാൾ അപേക്ഷിച്ചിരിക്കുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2008-ലെ കേരള നെൽ വയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിലെ മാനദണ്ഡങ്ങളും നിബന്ധനകളും മറികടന്ന് കെട്ടിട നിർമ്മാണ പെർമിറ്റ് അനുവദിച്ചിട്ടില്ലായെന്ന് കാണുന്നതിനാലും, ബഹു വിജിലൻസ് കോടതി എൻക്വയറി കമ്മീഷണർ & സ്പെഷ്യൽ ജഡ്ജ്, തൃശ്ശൂർ പുറപ്പെടുവിച്ച വിധിന്യായത്തിൽ VC 23/16 TSR കേസിൽ തുടർനടപടികൾ അവസാനിപ്പിച്ചിട്ടുള്ള സാഹചര്യത്തിലും, ശ്രീമതി സത്യവർമ്മ 31/05/2026-ൽ സർവീസിൽ നിന്ന് വിരമിക്കുന്ന സാഹചര്യത്തിലും ടിയാൾ സമർപ്പിച്ച വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ ഇത്തരത്തിലുള്ള തെറ്റുകൾ ആവർത്തിക്കരുതെന്ന താക്കീത് നൽകി ഭാവിയിൽ റിപ്പോർട്ടുകൾ തയ്യാറാക്കുമ്പോൾ ഇത്തരത്തിലുള്ള വീഴ്ചകൾ ഉണ്ടാകരുതെന്നുമുള്ള കർശന നിർദ്ദേശം കൂടി നൽകി ശ്രീമതി. സത്യവർമ്മയ്ക്ക് എതിരെ സ്വീകരിച്ച നടപടികൾ അവസാനിപ്പിച്ച് ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ജാഫർഖാൻ.എസ്

അഡിഷണൽ സെക്രട്ടറി

അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.

കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.

ശ്രീമതി സത്യവർമ്മ, മുൻ കൃഷി ഓഫീസർ, അടാട്ട് , തൃശ്ശൂർ (കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടർ മുഖേന)

വിജിലൻസ് വകുപ്പ് (VIG -B 2/523/2018-VIG )

ഇൻഫർമേഷൻ & പബ്ളിക് റിലേഷൻസ് വകുപ്പ്

കരുതൽ സഞ്ചയം / ഓഫീസ് കോപ്പി **(AGRI- EA3/108/2018-AGRI)**

ഉത്തരവിൻ പ്രകാരം

Signed by

Aswathi S Poonkavanam

Date: 19-09-2025 17:11:01

സെക്ഷൻ ഓഫീസർ